(ബി) ഉണ്ടെങ്കിൽ ഈ ഐ.ടി.സി.-യിൽ കൂടുതൽ കോഴ്സുകൾ അടിയന്തിരമായി തുടങ്ങുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) എന്നത്തേക്ക് ഈ ഐ.ടി.സി.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) — (സി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക**

22 [602] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ ക്ഷേമത്തിനും മറ്റ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുമായി കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ എന്തു തുക യാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; അതിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ കാലയളവിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തു തുക ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) & (ബി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

**പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നടപടി**

23 [603] *ശ്രീ. തോമസ് ചാഴികാടൻ:*

,, *കെ. നാരായണക്കുറുപ്പ്:*

,, *റാഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ നഴ്സിംഗ് കോളേജ് ആരംഭിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ നഴ്സിംഗ് കോളേജുകൾ ഈ അധ്യയനവർഷംതന്നെ ആരംഭിക്കുവാനാണോ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly